## 1168

1 ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്ന-താരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻപേർക്കായ് ചാകുന്നു!

2 ആത്മാവേ പാപത്തിൻ താഴ്ച നീ കാണുക
ദൈവത്തിൻ പുത്രനീ ശാപത്തിലായല്ലോ-

3 ഇത്രമാം സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ
ഈ മഹാ പാപത്തെ ദൈവമേ ഓർക്കല്ലേ-

4 പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകുമോ
ദൈവത്തിൻ പൈതലായ് ജീവിക്കും ഞാനിനി-

5 കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ-

6 പാപത്തിൻ ശോധന ഭീമമായ് വരുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ-

7 പാപത്തിൻ ഓളങ്ങൾ സാധുവെ തള്ളുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ-

8 ശത്രുത്വം വർദ്ധിച്ചാൽ പീഡകൾ കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ-

9 ആത്മാവേ ഓർക്ക നീ ഈ മഹാ സ്നേഹത്തെ
ദൈവത്തിൻ പുത്രൻ ഈ സാധുവെ സ്നേഹിച്ചു-